Reg. No. : ...............................

Name : ...................................

# I Semester M.A. Degree (C.B.C.S.S. -OBE – Regular) Examination, October 2023
## (2023 Admission)
### മലയാളം
### MAMAL01C01 : മലയാളകഥാസാഹിത്യം

Time : 3 Hours                                                                 Max. Marks : 80

I. **1** മുതൽ **6** വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും **5** എണ്ണത്തിന് **1 പേജിൽ** കവിയാതെ ഉത്തരമെഴുതുക. **(5×4=20)**

1) 'തൃഷ്ണയുടെ നിഗൂഢമായ സഞ്ചാരപഥങ്ങൾ വന്യമായ നിശ്ചയദാർഢ്യത്തോടെ തെളിഞ്ഞുവരുന്ന കഥയാണ് കാള' – സമർത്ഥിക്കുക.

2) ''ഇതുകേട്ടപ്പോഴാണ് താച്ചുനായർ തന്റെ ജീവിതദശയിൽ ഒന്നാമത് ഞെട്ടിയത്'' സന്ദർഭമേത് ?

3) കഥാഖ്യാനത്തിലെ ധ്വന്യാത്മകശൈലിയാണ് കാരൂരിന്റെ കഥകളെ വ്യത്യസ്തമാക്കുന്നത് – പൂവമ്പഴം എന്ന കഥയെ മുൻനിർത്തി പരിശോധിക്കുക.

4) വി. കെ. എന്നിന്റെ ആഖ്യാനശൈലി ആരോഹണം എന്ന നോവലിനെ മുൻനിർത്തി വിശദീകരിക്കുക.

5) ഉമ്മാച്ചു എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ നിരൂപണം ചെയ്യുക.

6) ഭാവനയെ ഒരേസമയം ചരിത്രവൽക്കരിച്ചും മിത്തുവൽക്കരിച്ചും രൂപപ്പെടുത്തുന്ന മാജിക്കൽ റിയലിസത്തിന്റെ സാധ്യതകൾ ഇരുട്ടിൽ ഒരു പുണ്യാളൻ എന്ന നോവലിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ ?

II. **7** മുതൽ **11** വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും **3** എണ്ണത്തിന് **3 പേജിൽ** കവിയാതെ ഉത്തരമെഴുതുക. **(3×8=24)**

7) ''പ്രേമത്തിന്റെ കാല്പനിക മാധുര്യത്തിനും വിഷാദത്തിനുമപ്പുറം അത് സ്ത്രീയുടെ സാമൂഹ്യാന്തസ്സിനെയും ശരീരത്തിന്റെ ജൈവീകനിലകളെയുംകൂടി ചൂഴ്ന്നു നിൽക്കുന്നതാണെന്ന് വ്യക്തമാക്കുന്ന കഥയാണ് രമണി'' – ചർച്ച ചെയ്യുക.

8) സരസ്വതീവിജയം എന്ന നോവലിൽ പ്രകടമാകുന്ന ജാതിരാഷ്ട്രീയം വിശദമാക്കുക.

P.T.O.



9) എരി എന്ന നോവലിൽ മിത്ത് എങ്ങനെ പ്രവർത്തിക്കുന്നു ?

10) ക്ഷയോന്മുഖമായ നായർത്തറവാടുകളും ഗ്രാമീണജീവിതവും കുട്ട്യേടത്തിയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

11) ആധുനികതയുടെ സന്ദിഗ്ധതകൾ ആനന്ദിന്റെ നോവലുകളിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ ? പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

III. **12** മുതൽ **16** വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും **3** എണ്ണത്തിന് **5** പേജിൽ കവിയാതെ ഉത്തരമെഴുതുക. **(3×12=36)**

12) ആദ്യകാല മലയാളനോവലുകളിലെ കീഴാളപരിപ്രേക്ഷ്യം പരിശോധിക്കുക.

13) ആധുനിക നോവലുകളുടെ സവിശേഷതകൾ ഒ. വി. വിജയൻ, ആനന്ദ്, എം. മുകുന്ദൻ എന്നിവരുടെ നോവലുകൾ ആവിഷ്കരിക്കുന്നതെങ്ങനെ ?

14) കെ. സരസ്വതിയമ്മ, സാറാ ജോസഫ്, മാധവിക്കുട്ടി, കെ. ആർ. മീര, കെ. രേഖ എന്നിവരുടെ രചനകളെ മുൻനിർത്തി മലയാളത്തിലെ സ്ത്രീപക്ഷരചനകളുടെ സവിശേഷതകൾ ചർച്ച ചെയ്യുക.

15) ആദ്യകാല മലയാള ചെറുകഥയുടെ സവിശേഷതകൾ പാഠഭാഗങ്ങളെ ആസ്പദമാക്കി വിവരിക്കുക.

16) മലയാളനോവലിന്റെ ഭാവുകത്വത്തെ നിർണയിക്കുന്നതിൽ നവോത്ഥാനവും ദേശീയതയും എപ്രകാരം സ്വാധീനം ചെലുത്തി ? സോദാഹരണം വിശദീകരിക്കുക.